## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1432** **19-09-2025 - ൽ മറുപടിയ്ക്ക്**

## മുസിരിസ് പൈതൃകസംരക്ഷണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മുസിരിസ് പൈതൃകസംരക്ഷണ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി നിലവിൽ പുനരുദ്ധാരണ സംരക്ഷണ ടൂറിസം പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് അവസാനഘട്ടത്തിലേക്ക് എത്തിനിൽക്കുന്ന ഒരു സാഹചര്യമാണുള്ളത് . ആദ്യ കാലഘട്ടങ്ങളിൽ ഏറ്റെടുത്തിട്ടുള്ള കെട്ടിടങ്ങളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട് . ആദ്യഘട്ടത്തിൽ 8 പൈതൃക കെട്ടിടങ്ങളുടെ/ സ്മാരകങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരുന്നു. പ്രസ്തുത പദ്ധതി 2025 ൽ എത്തി നിൽക്കുമ്പോൾ 31 ഓളം സ്മാരകങ്ങളുടെ/പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി പൂർത്തീകരിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതി സമാനമായ ഇതര പൈതൃക പദ്ധതികളുമായി ബന്ധപ്പെടുത്തി വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | മുസിരിസ് പൈതൃക പദ്ധതി നിലവിൽ എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽ നിന്നും കൊല്ലം വരെയും വടക്ക് തൃശ്ശൂർ ജില്ലയിലെ മതിലകത്ത് നിന്ന് ബേപ്പൂർ വരെയും വിപുലീകരിച്ച് സ്പൈസ് റൂട്ട് പൈതൃക പദ്ധതി എന്ന പേരിൽ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് . ഇതുമായി ബന്ധപ്പെട്ടു കൊണ്ട് കൊല്ലം മുതൽ ബേപ്പൂർ വരെ നിലവിൽ നിലനിൽക്കുന്ന മറ്റു പൈതൃക പദ്ധതികൾ കൂടി സംയോജിപ്പിക്കുന്നതിനുള്ള ചർച്ചകൾ മുസിരിസ് മുഖേന നടന്നുവരികയാണ് .<br><br>ഇതുമായി ബന്ധപ്പെട്ട്, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരദേശ മേഖലകളിൽ പുരാവസ്തു പര്യവേഷണം നടത്തുകയുണ്ടായി. അതോടൊപ്പം തന്നെ കൊല്ലം ജില്ലയുമായി ബന്ധപ്പെട്ട വേണാട് പൈതൃക പദ്ധതിക്ക് വേണ്ടി പ്രസ്തുത പ്രദേശത്തിന്റെ ചരിത്രപരവും പുരാവസ്തുപരവും ആയിട്ടുള്ള പ്രാധാന്യങ്ങൾ ഉൾപ്പെടുത്തുന്ന തരത്തിലുള്ള പര്യവേഷണം സംഘടിപ്പിക്കുകയും വിവിധ പൈതൃക കെട്ടിടങ്ങളെ കണ്ടെത്തുകയും |

| | | | |
|---|---|---|---|
| | | | അതുമായി ബന്ധപ്പെടുത്തി ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിനുള്ള ചർച്ചകൾ മുസിരിസ് മുഖേന നടത്തിയിട്ടുണ്ട്.<br><br>പൊന്നാനി മേഖലയിൽ പൈതൃക ടൂറിസം ആരംഭിക്കുന്നതിനായി ആദ്യഘട്ട പര്യവേഷണങ്ങൾ നടത്തിയിട്ടുള്ളതാണ്. ഇതിൽ നിന്നും പൊന്നാനിയുടെ പൈതൃക ടൂറിസം സാധ്യതകൾ വ്യക്തമായി മനസ്സിലാവുകയും മിസ്രിപള്ളിയെ ഏറ്റെടുത്ത് പുനരുദ്ധാരണ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ പ്രസ്തുത പദ്ധതിയും മുസിരിസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുവാനുള്ള ആദ്യ നടപടികൾ മുസിരിസ് മുഖേന പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br>വടക്കൻ കേരളത്തിൽ നിലനിൽക്കുന്ന തലശ്ശേരി പൈതൃക പദ്ധതിയും ട്രാവൻകൂർ പൈതൃക പദ്ധതിയും ഭാവിയിൽ മുസിരിസ് പൈതൃക പദ്ധതി മുന്നോട്ടുവെക്കുന്ന സ്പൈസ് റൂട്ട് ഹെറിറ്റേജ് പ്രൊജക്റ്റ് ഭാഗമാക്കുവാനുള്ള സാധ്യതപഠനങ്ങൾ നടത്തിവരികയാണ് . |

സെക്ഷൻ ഓഫീസർ